പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **1551** **05.12. 2014**- ലെ മറുപടി

## പ്രവാസി മലയാളികളുടെ പുനരധിവാസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) 2011 മുതൽ വിദേശത്ത് നിന്ന് തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ മടങ്ങിയെത്തിയവർ എത്രപേരാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (എ) 2011 മുതൽ വിദേശത്ത് നിന്ന് തിരികെയെത്തിയവരുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. 2013 മുതൽ വിദേശത്ത് നിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസി കേരളീയർക്കായി രജിസ്ട്രേഷൻ സംവിധാനം നോർക്ക - റൂട്ട്സ് ഏർപ്പെടുത്തിയിട്ടുണ്ട് നാളിതുവരെ 25700 പേർ വിദേശത്ത് നിന്ന് തിരികെയെത്തിയതായി നോർക്ക – റൂട്ട്സ് വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരുടെ രാജ്യം തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) പ്രസ്തുത പ്രവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) തിരികെയെത്തിയ പ്രവാസി മലയാളികൾക്ക് വേണ്ടി സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്(NDPREM) എന്ന നാമധേയത്തിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ സബ്സിഡിയും അനുവദിക്കുന്നതാണ് പദ്ധതി. 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തു ശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് |

രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ.

ഇതിന് പുറമേ സൌദി അറേബ്യയിൽ സ്വദേശിവൽക്കരണം(നിതാഖത്ത്) കർശനമായി നടപ്പിലാക്കിയ സാഹചര്യത്തിൽ വിദേശരാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയവരുടെ പുനരധിവാസത്തിനായി ഒരു സമഗ്ര പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. നിതാഖത്ത് മുഖാന്തരം തിരികെയെത്തി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നവർക്ക് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്(NDPREM) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

താഴെപ്പറയുന്ന മേഖലകളിലാണ് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകിവരുന്നത്.

കച്ചവടം - (പൊതു വ്യാപാരം - വാങ്ങുകയും വിൽക്കുകയും തുടങ്ങിയ)

സേവനങ്ങൾ - (റിപ്പേയർ ഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സിസർവ്വീസുകൾ, ഹോംസ്റ്റേ തുടങ്ങിയവ)

ഉല്പാദനം - ചെറുകിട – ഇടത്തരം സംരംഭങ്ങൾ(പൊടിമില്ലുകൾ, ബേക്കറി ഉല്പന്നങ്ങൾ, ഫർണിച്ചറും തടി വ്യവസായവും, സലൂണുകൾ, പേപ്പർ കപ്പ്, പേപ്പർ റീസൈക്ലിംഗ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവ)

കാർഷിക വ്യവസായങ്ങൾ - (ഇറച്ചിക്കോഴി വളർത്തൽ, മുട്ടക്കോഴി വളർത്തൽ, മത്സ്യ കൃഷി/ഉൾനാടൻ മത്സ്യം വളർത്തൽ, അലങ്കാര മത്സ്യം വളർത്തൽ, പാലിനുവേണ്ടിയുള്ള കാലി വളർത്തൽ, ഭക്ഷ്യോൽപന്ന നിർമ്മാണം, സംയോജിത കൃഷി, ഫാം ടൂറിസം, ആട്ടു വളർത്തൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവ)

| | |
|---|---|
| (സി) ഇത്തരം പദ്ധതികൾക്കായി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (സി) വിശദാംശം അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു. |

| | |
|---|---|
| (ഡി) ഈ അപേക്ഷകളിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകിയെന്നും. ബാക്കിയുള്ളവ അനുവദിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളുണ്ടെന്നും വിശദമാക്കാമോ ? | (ഡി) ആദ്യഘട്ടത്തിൽ ലഭിച്ച 19690 അപേക്ഷകളിന്മേൽ ബാങ്കുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരികയാണ്. നിലവിൽ 16000 ത്തോളം പേരെ സ്ക്രീനിംഗിന് വിളിക്കുകയും, സ്ക്രീനിംഗ് അറ്റൻഡ് ചെയ്ത 8000 ത്തോളം പേരിൽ നിന്നും 3000 ത്തോളം പേരുടെ അപേക്ഷകൾ ബാങ്കുകളിൽ പ്രോസ്സസിംഗിലുമാണ്. ഇതിനു പുറമേ 320 ഓളം പേർ വിവിധ വായ്പാ ആനുകൂല്യം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ളവരുടെ അപേക്ഷകളിന്മേൽ അവസാനഘട്ട സ്ക്രീനിംഗ് നടപടികൾ പുരോഗമിക്കുകയാണ്. നിതാഖത്ത് നടപ്പാക്കിയത് മൂലം സൗദി അറേബ്യയിൽ നിന്നു തിരികെയെത്തി നോർക്ക – റൂട്ട്സിൽ രജിസ്റ്റർ ചെയ്ത 22634 പേരുടെ ഡാറ്റാ കളക്ഷനും മറ്റ് നടപടികളും പുരോഗമിക്കുകയാണ്. ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

| ക്രമ നം. | രാജ്യം | എണ്ണം |
|---|---|---|
| 1 | അഫ്ഗാനിസ്ഥാൻ | 9 |
| 2 | അംഗോള | 1 |
| 3 | ആന്റിഗ്വ & ബാർബുഡ | 1 |
| 4 | അർജൻന്റീന | 1 |
| 5 | ആസ്ട്രേലിയ | 2 |
| 6 | ബഹ്റിൻ | 95 |
| 7 | ബ്രൂണേ | 2 |
| 8 | കാനഡ | 2 |
| 9 | ഡെൻമാർക്ക് | 1 |
| 10 | എതിയോപ്യ | 1 |
| 11 | അയ്സ്ലാന്റ് | 1 |
| 12 | ഇന്തോനേഷ്യാ | 4 |
| 13 | ഇറാഖ് | 562 |
| 14 | ഇസ്രായേൽ | 2 |
| 15 | ഇറ്റലി | 1 |
| 16 | ജമൈക്ക | 1 |
| 17 | കസാഖ്സ്ഥാൻ | 1 |
| 18 | കെനിയ | 2 |
| 19 | കുവൈറ്റ് | 148 |
| 20 | ലെബനോൺ | 1 |
| 21 | ലൈബീരിയ | 3 |
| 22 | ലിബിയ | 395 |
| 23 | മഡഗാസ്കർ | 1 |
| 24 | മലേഷ്യാ | 6 |
| 25 | മാലദ്വീപ് | 4 |
| 26 | നിക്കരാഗ്വാ | 1 |
| 27 | നൈജീരിയ | 4 |
| 28 | ഒമാൻ | 250 |
| 29 | മറ്റ് രാജ്യങ്ങൾ | 51 |
| 30 | പാക്കിസ്ഥാൻ | 1 |
| 31 | പാപ്പുവ ന്യൂ ഗിനിയ | 1 |

| | | |
|---|---|---|
| 32 | ഖത്തർ | 141 |
| 33 | റിപ്പബ്ലിക്ക് ഓഫ് മാസിഡോണിയ | 1 |
| 34 | റവാണ്ട | 1 |
| 35 | സെന്റ് കിറ്റ്സ് & നെവിസ് | 35 |
| 36 | സാൻമരിനോ | 2 |
| 37 | സാവോ ടോം & പ്രിൻസിപ്പ് | 3 |
| 38 | സൗദി അറേബ്യ | 23134 |
| 39 | സെനഗൾ | 6 |
| 40 | സിങ്കപ്പൂർ | 2 |
| 41 | സൗത്ത് ആഫ്രിക്ക | 14 |
| 42 | ശ്രീലങ്ക | 2 |
| 43 | സുഡാൻ | 4 |
| 44 | സ്വാസിലാന്റ് | 1 |
| 45 | സിറിയ | 1 |
| 46 | തുർക്ക്മേനിസ്ഥാൻ | 1 |
| 47 | യു.എ.ഇ. | 780 |
| 48 | യു.കെ. | 11 |
| 49 | യു.എസ്.എ. | 3 |
| 50 | പടിഞ്ഞാറൻ സഹാറ | 2 |
| 51 | യെമൻ | 1 |
| | ആകെ | 25700 |

അനുബന്ധം 2

| ജില്ല | NDPREM |
|---|---|
| തിരുവനന്തപുരം | 3204 |
| കൊല്ലം | 2085 |
| പത്തനംതിട്ട | 404 |
| ആലപ്പുഴ | 867 |
| ഇടുക്കി | 108 |
| കോട്ടയം | 534 |
| എറണാകുളം | 889 |
| തൃശൂർ | 742 |
| പാലക്കാട് | 839 |
| കോഴിക്കോട് | 3400 |
| മലപ്പുറം | 2953 |
| കണ്ണൂർ | 698 |
| വയനാട് | 2330 |
| കാസർഗോഡ് | 637 |
| ആകെ | 19690 |

ഇതിനുപുറമെ നിതാഖത്ത് നിയമം കർശനമാക്കിയതിനെ തുടർന്ന് **01/04/2013** മുതൽ **31/12/2013** വരെ കേരളത്തിലെ വിമാനത്താവളങ്ങളിൽ നോർക്ക – റൂട്ട്സ് ഏർപ്പെടുത്തിയിരുന്ന ഹെൽപ് ഡെസ്കുകളിലൂടെയും ഓൺലൈനിലൂടെയും **22634** പേർ തിരികെയെത്തിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു.

| ജില്ല | നിതാഖത്ത് |
|---|---|
| തിരുവനന്തപുരം | 2330 |
| കൊല്ലം | 2182 |
| പത്തനംതിട്ട | 351 |
| ആലപ്പുഴ | 685 |
| ഇടുക്കി | 77 |
| കോട്ടയം | 219 |
| എറണാകുളം | 422 |
| തൃശൂർ | 620 |
| പാലക്കാട് | 1532 |
| കോഴിക്കോട് | 2719 |
| മലപ്പുറം | 9274 |
| കണ്ണൂർ | 1423 |
| വയനാട് | 554 |
| കാസർഗോഡ് | 246 |
| ആകെ | 22634 |